ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

നമ്പർ. **DTETVM/5671/2024-EA2 (EA)** തീയതി: **19-12-2024**

<u>പരിപത്രം</u>

വിഷയം:- വിദ്യാഭ്യാസം– സാങ്കേതികം– മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഓൺലൈനായി യോഗം വിളിച്ചുചേർക്കുന്നത്- സംബന്ധിച്ച്.

സൂചന :- സർക്കാരിൽ നിന്നുള്ള കത്ത് നമ്പർ: **K3/234/2024-HEDN** തീയതി: **18.12.2024.**

സൂചനയിലേക്കു താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി **21.12.2024** ന് വൈകുന്നേരം **4.30**- ന് ബഹു. തദ്ദേശസ്വയംഭരണ വകുപ്പ്, എക്സൈസ്-പാർലമെന്ററികാര്യ വകുപ്പ്, പൊതുവിദ്യാഭ്യാസ - തൊഴിൽ വകുപ്പ്, ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രിമാരേയും, ചീഫ് സെക്രട്ടറി, റസിഡൻസ് അസോസിയേഷൻ ഭാരവാഹികൾ. തൊഴിലാളി യൂണിയൻ പ്രതിനിധികൾ, ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ, പൊതു/ ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സ്ഥാപനങ്ങൾ, എൻ. എസ്. എസ്, എൻ. സി. സി, സ്റ്റുഡൻസ് പോലീസ് കേഡറ്റ്, സ്കൗട്ട് എന്നിവരുടെ പ്രതിനിധികളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഓൺലൈൻ യോഗം വിളിച്ചു ചേർക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനാൽ ഈ വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിലെ ചുവടെ പറയുന്നവർ പ്രസ്തുത യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**⇒ എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ടെക്നിക്കൽ ഹൈസ്കൂളുകൾ, മറ്റു സ്ഥാപനങ്ങൾ: പ്രിൻസിപ്പാൾ, വൈസ് പ്രിൻസിപ്പാൾ,**
**പി.ടി.എ ഭാരവാഹികൾ, അധ്യാപക പ്രതിനിധികൾ, അനധ്യാപക പ്രതിനിധികൾ, കോളേജ് യൂണിയൻ ഭാരവാഹികൾ, എൻ.സി.സി, എൻ.എസ്.എസ് എന്നിവയുടെ ചുമതലക്കാർ.**

കൂടാതെ, അതത് സ്ഥാപനങ്ങളിൽ മേൽ സൂചിപ്പിച്ചവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു പ്രത്യേക കേന്ദ്രത്തിൽ ഓൺലൈൻ യോഗത്തിനായി ചേരേണ്ടതും, അതിനായി ഹാളും ഓൺലൈൻ സ്ഥാപന സൗകര്യങ്ങളും ഒരുക്കേണ്ടതുമാണ്. യോഗത്തിൽ പങ്കെടുക്കേണ്ടവർക്ക് അതത് മേധാവികൾ അറിയിപ്പു നൽകേണ്ടതാണ്. ബഹു. മുഖ്യമന്ത്രിയുടെ യോഗത്തിന് ശേഷം ഓരോ സ്ഥാപനത്തിലും സ്ഥാപന മേധാവിയുടെ നേതൃത്വത്തിൽ പ്രത്യേകം യോഗം (ഓൺലൈൻ/ഓഫ് ലൈൻ) ചേർന്ന് ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമ

ാണെന്നുള്ള വിവരം അറിയിക്കുന്നു.

**യോഗത്തിൽ പങ്കെടുക്കുന്നതിനുള്ള ലിങ്ക് ചുവ്ടെ ചേർക്കുന്നു**

**Meeting link :- https://www.youtube.com/kilatcr/live**

**SHALIJ P R**

**DIRECTOR**

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

Signed by
Shalij P R
Date: 19-12-2024 23:21:12